പതിമൂന്നാം കേരള നിയമസഭ

11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5607 — 02.07.2014-ൽ മറുപടിയ്ക്ക്

# ലാബ് ടെക്നീഷ്യൻ ഗ്രേഡ് II, തിരുവനന്തപുരം ജില്ല

| ചോദ്യം<br>ശ്രീ. ആർ സെൽവരാജ് | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യവകുപ്പിൽ ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II, ഗ്രേഡ് I തസ്തികകളിലായി തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള തസ്തികകളുടെ എണ്ണം ഇനം തിരിച്ച് വിവരം ലഭ്യമാക്കാമോ; | (എ) | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II - 58<br>ലാബ് ടെക്നീഷ്യൻ ഗ്രേഡ് I - 58 |
| (ബി) | ജില്ലയിൽ ഗ്രേഡ് I ടെക്നീഷ്യനായി പ്രൊമോഷൻ ലഭിച്ചവർ ആരെങ്കിലും ഗ്രേഡ് II തസ്തികയിലെ ഒഴിവിൽ ജോലി നോക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-ൽ നിന്നും ഗ്രേഡ് I തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നടത്തിയപ്പോൾ തിരുവനന്തപുരം ജില്ലയിലെ 21 പേരെ ടി ജില്ലയിൽ തന്നെ ഗ്രേഡ് II തസ്തികയിൽ കൂടുതലായി നിലനിർത്തിയിട്ടുണ്ട്. |
| (സി) | തിരുവനന്തപുരം ജില്ലയിൽ ടെക്നീഷ്യൻ II തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിലോ, കരാർ അടിസ്ഥാനത്തിലോ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | മഴക്കാല രോഗപ്രതിരോധവുമായി ബന്ധപ്പെട്ട് 4 പേർ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II പുതിയ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ഏതെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | ഉണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച ശുപാർശ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ ഗ്രേഡ് I പ്രൊമോഷൻ ലഭിച്ചവരെ നിയമിക്കുന്നത്, പി.എസ്.സി ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ ഇടം നേടിയവരുടെ ജോലി സാധ്യത നഷ്ടമാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മാനുഷിക പരിഗണന അർഹിക്കുന്ന ഇത്തരക്കാരുടെ വിഷയത്തിൽ എന്ത് സമീപനമാണ് സ്വീകരിക്കുക എന്നത് വ്യക്തമാക്കാമോ? | (ഇ) | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-ന്റെ ഒഴിവുകൾ എല്ലാം പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽ നിന്ന് നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. ആയതിനാൽ റാങ്ക് ലിസ്റ്റിൽ ഇടം നേടിയവരെ ബാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ